LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ ശാലകളിലെ പണിമുടക്ക്

41 [472] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ഡി. സതീശൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് ബോണസ് തർക്കത്തെ തുടർന്ന് ഏതെങ്കിലും തൊഴിൽശാലകളിൽ പണിമുടക്ക് ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ പണിമുടക്ക് എപ്രകാരം അവസാനിച്ചു;

(ഡി) ഇക്കഴിഞ്ഞ ഓണത്തിന് അംഗീകൃത സ്വകാര്യ തൊഴിൽശാലകൾ നൽകിയ ഏറ്റവും കൂടിയതും കുറഞ്ഞതുമായ ബോണസ് നിരക്ക് എത്ര രൂപ വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) ഓണക്കാലത്ത് ബോണസ് സംബന്ധമായ തർക്കങ്ങൾ പല സ്ഥാപനങ്ങളിലും ഉണ്ടായിട്ടുണ്ട്. ഏതെങ്കിലും സ്ഥാപനത്തിൽ പണിമുടക്ക് ഉണ്ടായതായി വിവരം ലഭിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

മിനിമം വേതനം നടപ്പാക്കാൻ നടപടി

42 [473] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേതനം നടപ്പാക്കിയിട്ടുള്ള തൊഴിലാളി വിഭാഗങ്ങൾ ഏതൊക്കെയാണെന്നും, ഓരോ വിഭാഗത്തിന്റെയും മിനിമം വേതനം എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് സ്റ്റേജ് കാര്യേജുകളിൽ/ബസുകളിൽ പണിയെടുക്കുന്ന കണ്ടക്ടർ, ഡ്രൈവർ, ക്ലീനർ എന്നിവർക്ക് മിനിമം വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ; അവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ പ്രതിദിനം/പ്രതിമാസം എന്ത് തുകയാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റേജ് കാര്യേജിൽ മിനിമം വേതനത്തേക്കാൾ കുറഞ്ഞ വേതനമാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കാൻ അർഹതയുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 41 മേഖലകളിൽ മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മേഖലകളുടെ പേരുവിവരം അനുബന്ധം † ആയും ഓരോ വിഭാഗത്തിന്റേയും വേതന നിരക്കുകൾ അനുബന്ധം † ആയും ചേർത്തിട്ടുണ്ട്.

(ബി) മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് 1974-ലെ ഫെയർ വേതന നിയമം അനുസരിച്ചാണ് ശമ്പളം നിശ്ചയിച്ചിട്ടുള്ളത്. 15-1-1997 മുതൽ കണ്ടക്ടർ, ഡ്രൈവർ, ക്ലീനർ എന്നിവർക്ക് ലഭിക്കുന്ന പ്രതിമാസ വേതന നിരക്ക് താഴെ പറയും പ്രകാരമാണ്.

കണ്ടക്ടർ-1500-15-1575-20-1675-25-1800-30-1950 രൂപ

ഡ്രൈവർ-1550-20-1650-25-1775-30-1925-35-2100 രൂപ

ക്ലീനർ-1475-10-1525-15-1600-20-1700-25-1825 രൂപ

മേൽപ്രകാരമുള്ള ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തോടൊപ്പം ലേബർ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന ആൾ ഇന്ത്യ ശരാശരി ഉപഭോക്തൃ വില സൂചികയുടെ 1000 പോയിന്റിനു മുകളിലുള്ള ഓരോ പോയിന്റിനും 2 രൂപ നിരക്കിൽ ക്ഷാമബത്തയും ലഭിക്കുന്നു. ക്ഷാമബത്ത കണക്കാക്കുന്നത് ഓരോ ആറ് മാസത്തിൽ ഒരിക്കലാണ്. ജനുവരി മുതൽ ജൂൺ മാസം വരെയുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ സെപ്റ്റംബർ മുതൽ മാർച്ചുവരെയുള്ള ക്ഷാമബത്തയും ജൂലൈ മുതൽ ഡിസംബർ വരെയുള്ള സൂചികയുടെ അടിസ്ഥാനത്തിൽ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള ക്ഷാമബത്തയും കണക്കാക്കുന്നു. ഇതിനു പുറമേ 30 രൂപ പ്രതിമാസം വീടുവാടക ബത്ത ആയും 10 രൂപ വാഷിംഗ് അലവൻസായും ലഭിക്കുന്നു. ഇപ്രകാരം കണ്ടക്ടർ, ഡ്രൈവർ, ക്ലീനർ തുടങ്ങിയ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഇൻക്രിമെന്റ് കണക്കാക്കാതെ 2003 സെപ്റ്റംബർ മുതൽ 2004 മാർച്ച് വരെ നൽകേണ്ട പ്രതിമാസ വേതനം താഴെ പറയുന്ന പ്രകാരമാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ടക്ടർ-(അടിസ്ഥാന ശമ്പളം) 1500+(ഡി.എ.) 2828+(വാഷിംഗ് അലവൻസ്) 10+(എച്ച്.ആർ.എ.) 30 ആകെ=4368

ഡ്രൈവർ-(അടിസ്ഥാന ശമ്പളം)1550+(ഡി.എ.) 2828+(വാഷിംഗ് അലവൻസ്) 10+(എച്ച്.ആർ.എ.) 30 ആകെ=4418

ക്ലീനർ-(അടിസ്ഥാന ശമ്പളം)1475+(ഡി.എ.) 2828+(വാഷിംഗ് അലവൻസ്) 10+(എച്ച്.ആർ.എ.) 30 ആകെ=4343

(സി) ഈ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മോട്ടോർ സ്ഥാപനങ്ങൾ പരിശോധിക്കുമ്പോൾ തൊഴിലാളികൾക്ക് ഫെയർ വേതനം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ഫെയർ വേതനം ലഭിക്കാത്ത തൊഴിലാളികൾക്ക് 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ സെക്ഷൻ (സി) (2) പ്രകാരം ലേബർ കോടതിയിലെ ക്ലെയിം പെറ്റീഷൻ സമർപ്പിച്ച് പരിഹാരം കാണാവുന്നതാണ്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്ക് സർക്കാർ പ്രത്യേകമായി വ്യവസ്ഥ ചെയ്തു നടപ്പിലാക്കുന്ന വേതന ഘടനയാണ് നിലവിലുള്ളത്. എന്നാൽ അവർക്കും ഈ നിയമ പ്രകാരമുള്ള ഫെയർ വേതനം ലഭിക്കാൻ അർഹതയുണ്ട്.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

43 [474] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly